പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 595 | 11-12-2012 - ൽ മറുപടിക്ക്

<u>ടൈറ്റിൽ സർട്ടിഫിക്കറ്റിന് ഈടാക്കുന്ന നിരക്ക്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) കേരളസർക്കാർ ലീഗൽ ഓഫീസേഴ്സ് റൂൾസ് പരിഷ്കരിച്ചത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പ്ലീഡർമാർ പോലെയുള്ള പദവി വഹിക്കുന്നവർ ടൈറ്റിൽ സർട്ടിഫിക്കറ്റിന് കക്ഷികളിൽ നിന്നും വാങ്ങാവുന്ന ഫീസ് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | 1978 ലെ കേരള സർക്കാർ ലാ ഓഫീസേഴ്സ് ( നിയമനവും സേവന വ്യവസ്ഥകളും ) കേസുകളുടെ നടത്തിപ്പും ചട്ടങ്ങളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഭേദഗതികൾ വരുത്താറുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ അവസാനമായി ഭേദഗതിവരുത്തിയത് 28-11-2012 നാണ്. പ്രസ്തുത ചട്ടങ്ങളുടെയും ടി ഭേദഗതിയുടെയും പകർപ്പുകൾ ലഭ്യമാക്കാവുന്നതാണ്. പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 34 (1) സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ അഡ്വാൻസ് സ്കീം പ്രകാരമുള്ള വായ്പകൾക്ക് അപേക്ഷിക്കുന്ന സർക്കാർ ജീവനക്കാരുടെ ഭൂമിയുടെ ആധാരങ്ങൾ പരിശോധിക്കുന്നതിന് ധനകാര്യവകുപ്പ് അറിയിക്കുന്ന വായ്പതുകയിന്മേൽ ധനകാര്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പരിശോധനാ ഫീസ് സർക്കാർ ജീവനക്കാരായ അപേക്ഷകരിൽ നിന്നും ഓരോ കേസിലും നേരിട്ട് ഗവൺമെന്റ് പ്ലീഡർമാർക്ക് ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടം 34 (2) സർക്കാർ ജീവനക്കാരനായ അപേക്ഷകൻ അപേക്ഷിച്ചിട്ടുള്ള ലോൺതുക അയാൾക്ക് ചട്ടങ്ങൾ പ്രകാരം അനുവദനീയമായ തുകയേക്കാൾ കുറവായിരിക്കുകയും അർഹതപ്പെട്ട മുഴുവൻ തുകയും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടോ വായ്പാതുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടോ അയാൾ തുടർന്ന് അപേക്ഷിയ്ക്കുകയും പ്രസ്തുത അപേക്ഷ ഗവൺമെന്റ് പ്ലീഡർ ടൈറ്റിൽ സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം സർക്കാർ സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ അപേക്ഷകനായ സർക്കാർ ഉദ്യോഗസ്ഥൻ അയാൾ തുടർന്ന് അപേക്ഷിച്ച അധിക തുകയ്ക്ക് ഗവൺമെന്റ് പ്ലീഡർക്ക് ഫീസ് നൽകേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടം 34(3) ഒരിക്കൽ നൽകിയ ടൈറ്റിൽ സർട്ടിഫിക്കറ്റിന്മേൽ സർക്കാർ ആവശ്യപ്പെടുന്ന തുടർന്നുള്ള സ്പഷ്ടീകരണങ്ങൾക്ക് |

| | | |
|---|---|---|
| | | ഗവൺമെന്റ് പ്ലീഡർ വായ്പാ അപേക്ഷകനിൽ നിന്നും യാതൊരു ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. കേരള ഫിനാഷ്യൽ കോഡ് വാല്യം I ലെ അനുച്ഛേദം 244 ഇ (VII ) സർക്കാർ ജീവനക്കാരനായ അപേക്ഷകന്റെ വസ്തുവിന്റെ ആധാരത്തിന്റെ പരിശോധന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ അപേക്ഷിച്ചിട്ടുള്ള വായ്പാതുകയുടെ ഒരു ശതമാനം, കുറഞ്ഞത് 15 രൂപയും പരമാവധി 100 രൂപയും അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിരക്കിൽ, ഫീസ് ഈടാക്കി നടത്തണമെന്നും ഓരോ കേസിലും ഫീസ് അപേക്ഷകനിൽനിന്ന് നേരിട്ട് ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർക്ക് ഈടാക്കാവുന്നതാണ് എന്നും വ്യവസ്ഥചെയ്യുന്നുണ്ട്. സർക്കാർ ജീവനക്കാരനായ അപേക്ഷകൻ അപേക്ഷിച്ചിട്ടുള്ള വായ്പാതുക അയാൾക്ക് ചട്ടങ്ങൾ പ്രകാരം അനുവദനീയമായ തുകയേക്കാൾ കുറവായിരിക്കുകയും അർഹതപ്പെട്ട മുഴുവൻ തുകയും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷന്റെ തുടർന്നുള്ള അപേക്ഷ ഗവൺമെന്റ് പ്ലീഡർ ടൈറ്റിൽ സർട്ടിഫിക്കറ്റ് നൽകിയതിനുശേഷം സർക്കാർ സ്വീകരിക്കുകയും ചെയ്യുന്നപക്ഷം ഗവൺമെന്റ് പ്ലീഡർ ആധാരം വീണ്ടും പരിശോധന നടത്തുകയാണെങ്കിൽ മാത്രം അപേക്ഷകൻ അധിക പരിശോധനാ ഫീസ് നൽകിയാൽ മതി എന്നും ഒരിക്കൽ നൽകിയ ടൈറ്റിൽ സർട്ടിഫിക്കറ്റിന്മേൽ സർക്കാർ ആവശ്യപ്പെടുന്ന തുടർന്നുള്ള സ്പഷ്ടീകരണങ്ങൾക്ക് ഗവൺമെന്റ് പ്ലീഡർ വായ്പാ അപേക്ഷകനിൽ നിന്നും യാതൊരു ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്നും പ്രസ്തുത അനുച്ഛേദം വ്യവസ്ഥചെയ്യുന്നുണ്ട്. |
| ബി | സ്ഥലപരിശോധനയ്ക്കും ടൈറ്റിൽ സർട്ടിഫിക്കറ്റിനും നിശ്ചിതഫീസിനേക്കാൾ കൂടുതൽ തുക കൈപ്പറ്റിയാൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതുവരെ ഇത്തരം കേസുകളിൽ ഏതെങ്കിലും ഗവൺമെന്റ് പ്ലീഡർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം കേസുകളിൽ പരാതി നൽകേണ്ടത് ആർക്കാണെന്ന് വ്യക്തമാക്കാമോ: | ടൈറ്റിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് മേൽപ്പറഞ്ഞ ഫീസിനേക്കാൾ കൂടുതൽ തുക കൈപ്പറ്റിയാൽ അത്തരം കേസുകളിൽ ഗവൺമെന്റ് പ്ലീഡർമാർക്കെതിരെ 1978 ലെ കേരള സർക്കാർ ലാ ഓഫീസേഴ്സ് ( നിയമനവും സേവന വ്യവസ്ഥകളും ) കേസുകളുടെ നടത്തിപ്പും ചട്ടങ്ങൾപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. ടൈറ്റിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് മേൽപ്പറഞ്ഞ നിശ്ചിത ഫീസിനേക്കാൾ കൂടുതൽ തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. ഇപ്രകാരമുള്ള പരാതികൾ നിയമ വകുപ്പ് സെക്രട്ടറിക്കാണ് നൽകേണ്ടത്. |

| | | |
|---|---|---|
| vi | ഇത്തരം സേവനങ്ങൾക്ക് നൽകുന്ന ഫീസിന് രസീത് നൽകാറുണ്ടോ; ഇല്ലെങ്കിൽ രസീത് നൽകുന്ന രീതി നടപ്പിലാക്കുമോ? | ഗവൺമെന്റ് പ്ലീഡർമാർ ആധാരപരിശോധന നടത്തി ടൈറ്റിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഈടാക്കുന്നഫീസിന് രസീത് നൽകാറില്ല. ഇത്തരം സേവനങ്ങൾക്ക് ഗവൺമെന്റ് പ്ലീഡർമാർ രസീത് നൽകുന്ന രീതി നടപ്പിലാക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്